DESPATCHED
...18/12/21...

01/12/2021



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.406(6)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3649/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഒ.വി. ശ്രീദത്ത്,
ഗോവിന്ദ മന്ദിരം,
തലയൽ, റസ്സൽപുരം പി.ഒ.,
ബാലരാമപുരം,
തിരുവനന്തപുരം -695 501
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
   ബാലരാമപുരം പോലീസ് സ്റ്റേഷൻ,
   തിരുവനന്തപുരം
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ആഫീസ്,
   നെയ്യാറ്റിൻകര, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.04.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.04.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.06.2021 |
| ഹിയറിംഗ് തീയതി | 24.11.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഒ.വി. ശ്രീദത്ത് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ യാതൊന്നും ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ടിയാന് യാതൊരു രേഖകളും ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാനും രേഖകൾ ലഭ്യമാക്കാത്ത എതിർകക്ഷികൾക്കെതിരെ സെക്ഷൻ 20(1)(2) വകുപ്പു പ്രകാരം ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 05.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ടിയാൻ വാദിയായി ബാലരാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുളള ക്രൈം 190/2021-ാം നമ്പർ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട രേഖകളാണ്. ആയതിന് ഒന്നാം എതിർകക്ഷി 21.03.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട ക്രമനമ്പർ 1 മുതൽ 8 വരെ വിവരങ്ങൾ ടിയാൻ വാദിയായി രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നം. 190/2021 നമ്പർ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ടിട്ടുളളതും ആയത് വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(എച്ച്) പ്രകാരം നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നും സെക്ഷൻ 7 പ്രകാരം ലഭിക്കുന്നതിന് അർഹതയില്ലാത്തതാണെന്നും ക്രമനമ്പർ 9 ആയി ആവശ്യപ്പെട്ടിട്ടുളള

രേഖകൾ ടിയാൻ 05.02.2021 ൽ നേരിട്ട് കൈപ്പറ്റിയതാണെന്നും ക്രമനമ്പർ 10 ൽ ആവശ്യപ്പെട്ട രേഖകൾ ടിയാന്റെ കൈവശം ഉണ്ടായിരുന്നതും പകർപ്പുകൾ ടി കേസിന്റെ തെളിവിലേക്കായി ഹാജരാക്കിയിട്ടുള്ളതും സെക്ഷൻ 7 ൽ ഉൾപ്പെടാത്തതാണെന്നും ടി രേഖകൾ 47 പേജുകൾ ഉള്ളതിനാൽ പേജ് ഒന്നിന് 2 രൂപ നിരക്കിൽ ട്രഷറിയിൽ ഒടുക്കി ചെല്ലാൻ ഹാജരാക്കി കൈപ്പറ്റാവുന്ന താണെന്നുമാണ്. ടി പകർപ്പുകൾ ലഭ്യമാകാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിയെ അനുകൂലിച്ചു കൊണ്ടുള്ള മറുപടി നൽകിയതായി കാണുന്നു.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 21.05.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കേസ് അന്വേഷണാവസ്ഥയിലുള്ളതും ടിയാന് സെക്ഷൻ 7 ൽ പ്രതിപാദിക്കുംവിധം ടിയാന്റെ ജീവനോ സ്വത്തിനോ സ്വാതന്ത്ര്യത്തിനോ ഭീഷണി നിലവിലില്ലാത്തതും ടിയാൻ അത്തരത്തിൽ ഭീഷണി ഉള്ളതായി പരാതിയോ മൊഴിയോ നൽകിയിട്ടില്ലെന്നും സെക്ഷൻ 7 പ്രകാരം ലഭ്യമാക്കുന്നതിന് അവകാശമില്ലെന്നും ടിയാന് നൽകുവാൻ കഴിയുന്ന വിവരങ്ങൾ/രേഖകൾ സാധാരണ അപേക്ഷയായി പരിഗണിച്ച് നിശ്ചിത ഫീസ് ഒടുക്കി കൈപ്പറ്റുന്നതിന് ടിയാനെ ലെറ്റർ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും പൂർണ്ണമായി രേഖകൾ നൽകിയിട്ടുള്ളതായി

കാണുന്നില്ല. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയെങ്കിലും ടിയാന് വിവരങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നാണ് ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ക്രമനമ്പർ 9, 10 എന്നീ ചോദ്യങ്ങൾക്കുള്ള രേഖകൾ ലഭ്യമായിട്ടുണ്ടെന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ വാദി ആയിട്ടുള്ള കേസുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. 1 മുതൽ 8 വരെ ആവശ്യപ്പെട്ടിട്ടുള്ളവ ഇൻവെസ്റ്റിഗേഷൻ സ്റ്റേജ് ആയതിനാൽ അന്വേഷണത്തിൽ ഇരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 8(എച്ച്) പ്രകാരം ഇപ്പോൾ നൽകാൻ കഴിയില്ല എന്നാണ് എതിർകക്ഷി റിപ്പോർട്ടിലും മറ്റും വ്യക്തമാക്കിയിരിക്കുന്നത്. ഹിയറിംഗ് വേളയിൽ ഹർജികക്ഷി മൊഴിയിൽ പറഞ്ഞിരിക്കുന്നത് Crpc വകുപ്പ് 172 പ്രകാരം ടി വിവരങ്ങൾ ലഭിക്കാവുന്നവയാണ് എന്നാണ്. ക്രമനമ്പർ 9 അപ്പീൽ വാദിക്ക് നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചു. ക്രമനമ്പർ 10 ടിയാൻ കേസിന്റ തെളിവിലേക്ക് ഹാജരാക്കിയതാണെന്നും 47 പേജുള്ള പ്രസ്തുത രേഖ ലഭ്യമാക്കാൻ പേജ് ഒന്നിന് 2 രൂപ ക്രമത്തിൽ 94 രൂപ ഫീസ് അടക്കാൻ ആവശ്യപ്പെട്ടു എന്നും ഫീസ് അടക്കാത്തതിനാൽ ലഭ്യമാക്കിയിട്ടില്ലെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു. ഹർജികക്ഷി അപേക്ഷയിൽ പറയുന്ന പ്രകാരം വിവരാവകാശ നിയമം വകുപ്പ് 7 പ്രകാരം നൽകുന്നതിന് ജീവനു ഭീഷണയുള്ളതായോ മറ്റും കാണാത്ത സാഹചര്യത്തിലും അപ്രകാരം മൊഴിയോ പരാതിയോ ഒന്നും ഇല്ലാത്ത സാഹചര്യത്തിലും സാധാരണ വിവരാവകാശ അപേക്ഷാ രീതിയിൽ

കൈകാര്യം ചെയ്തതിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. മേൽ പ്രസ്താവിച്ച ക്രമനമ്പർ 1 മുതൽ 8 വരെയുള്ള വിവരങ്ങൾ അന്വേഷണം പൂർത്തീകരിച്ചാൽ ഉടൻ തികച്ചും സൗജനമായി ഹർജികക്ഷിക്ക് രജിസ്റ്റേർഡ് പോസ്റ്റുവഴി ഒന്നാം എതിർകക്ഷി അയച്ചു നൽകേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 01-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp